ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 22.12.2024**

## പ്രധാന വാർത്തകൾ

**TIME : 07.25 PM**

1. ഗ്രാമവികസനത്തിന്റെ നട്ടെല്ലാണ് കൃഷിയെന്നും ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ ഉന്നമനത്തിലൂടെ മാത്രമേ വികസിത രാഷ്ട്രം സാധ്യമാകൂ എന്നും ഉപരാഷ്ട്രപതി ജഗദീപ് ധൻകർ.

   **Vice President Jagdeep Dhankhar says that agriculture is the backbone of rural development and a developed nation can be achieved only through the development of the rural economy.**

2. ഇന്ത്യാ - കുവൈത്ത് ബന്ധം ഊഷ്മളമാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി, കുവൈത്ത് അമീറുമായി കൂടിക്കാഴ്ച നടത്തി.

   **Prime Minister Narendra Modi holds meeting with the Amir of Kuwait, warming up India-Kuwait relations.**

3. കേന്ദ്ര സർക്കാർ വകുപ്പുകളിൽ എഴുപത്തി ഒന്നായിരത്തിലത്തിലധികം പേർക്ക് നിയമനം നൽകി നാളെ റോസ്ഗാർ മേള. തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ കേന്ദ്രമന്ത്രി സുരേഷ്ഗോപി പങ്കെടുക്കും.

   **Over 71,000 people will be appointed in central government departments and the Rozgar Mela will be held tomorrow. Union Minister Suresh Gopi will participate in the function to be held in Thiruvananthapuram.**

4. ആഗോളതലത്തിൽ സ്വതന്ത്രശക്തിയായി മാറാൻ ഇന്ത്യയ്ക്ക് സാധിച്ചെന്ന് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ.

   **External Affairs Minister S Jaishankar says that India has been able to become an independent power at the global level.**

5. **വൈദ്യുതിയുടെ സാങ്കേതിക വാണിജ്യ നഷ്ടം കുറച്ചതിൽ കേരളം രാജ്യത്തിന് മാതൃകയെന്ന് കേന്ദ്രഊർജ്ജ നഗരകാര്യ മന്ത്രി മനോഹർലാൽ.**

**Union Minister of Power and Urban Affairs Manohar Lal says that Kerala is a model for the country in reducing technical and commercial losses of electricity.**

6. **സന്തോഷ് ട്രോഫി ഫുട്ബോളിൽ കേരള-ഡൽഹി പോരാട്ടം..**

**Kerala-Delhi battle in Santosh Trophy football.**

*************************************************************

## VP-CHAUDHARY CHARAN SINGH AWARDS

ഗ്രാമവികസനത്തിന്റെ നട്ടെല്ലാണ് കൃഷിയെന്നും ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ ഉന്നമനത്തിലൂടെ മാത്രമേ വികസിത രാഷ്ട്രം സാധ്യമാകൂ എന്നും ഉപരാഷ്ട്രപതി ജഗദീപ് ധൻകർ. വിപണിയിൽ ഇടപെട്ടും മൂല്യ വർധിത ഉത്പന്നങ്ങൾ നിർമ്മിച്ചും കർഷക കൂട്ടായ്മ സൃഷ്ടിച്ചും കർഷകർക്കും കുടുംബങ്ങൾക്കും സ്വയംപര്യാപ്ത കൈവരിക്കാനാവുമെന്നും അദ്ദേഹം പറഞ്ഞു. ഡൽഹിയിൽ ചൗധരി ചരൺ സിംഗ് അവാർഡ് ജേതാക്കളുമായി ആശയവിനിമയം നടത്തുകയായിരുന്നു ഉപരാഷ്ട്രപതി. ഗ്രാമവികസനത്തിനും കർഷകരുടെ ക്ഷേമത്തിനും വേണ്ടിയുള്ള ചൗധരി ചരൺ സിങ്ങിൻ്റെ പരിശ്രമങ്ങളെ ഉപരാഷ്ട്രപതി പ്രശംസിച്ചു.

******************************

## PM - MUBARAK AL KABEER

പ്രധാനമന്ത്രി നരേന്ദ്രമോദി കുവൈത്ത് അമീറുമായി കൂടിക്കാഴ്ച നടത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിന് കൂടിക്കാഴ്ച വഴിയൊരുക്കിയതായി പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ഫാർമസ്യൂട്ടിക്കൽ, ഐടി തുടങ്ങിയ മേഖലകളിൽ

സഹകരണം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ചു ചർച്ച ചെയ്യുതായി പ്രധാനമന്ത്രി അറിയിച്ചു. കൂടിക്കാഴ്ചയുടെ ഭാഗമായി വിവിധ മേഖലകളിൽ സഹകരണത്തിലുള്ള ധാരണാപത്രവും ഇരു രാജ്യങ്ങളു കൈമാറി. കുവൈത്ത് ഭരണകൂടത്തിൻറെ പരമോന്നത ബഹുമതിയായ ഓർഡർ ഓഫ് മുബാറക് അൽ കബീർ പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്ക് സമ്മാനിച്ചു. പ്രധാനമന്ത്രിയ്ക്ക് ലഭിക്കുന്ന 20-ാമത് രാജ്യാന്തര ബഹുമതിയാണിത്.

*******************************

## PM-CHRISTMAS

കാത്തലിക് ബിഷപ്സ് കോൺഫറൻസ് നാളെ ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന ക്രിസ്തുമസ് ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും. കർദിനാളുമാർ, ബിഷപ്പുമാർ തുടങ്ങിയ പ്രമുഖരുമായി അദ്ദേഹം ആശയവിനിമയം നടത്തും.

*******************************

## JAISHANKAR (INTRO)

ആഗോളതലത്തിൽ സ്വതന്ത്രശക്തിയായി മാറാൻ ഇന്ത്യയ്ക്ക് സാധിച്ചെന്ന് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ. അന്താരാഷ്ട്ര സമൂഹത്തിൻറെ നന്മയ്ക്കായി പ്രവർത്തിക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും, അതിനായുള്ള നിരന്തര പ്രയത്നം തുടരുകയാണെന്നും അദ്ദേഹം പറഞ്ഞു. മുംബൈയിലെ ഒരു ചടങ്ങിൽ വീഡിയോ സന്ദേശത്തിലൂടെയാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്.

(ഹോൾഡ് വോയിസ്)

*******************************

## PM-ROZGAR MELA

കേന്ദ്ര സർക്കാരിന് കീഴിൽ വിവിധ വകുപ്പുകളിൽ പുതുതായി നിയമനം നേടുന്ന എഴുപത്തി ഒന്നായിരത്തിലത്തിലധികം പേരുടെ നിയമന പത്രം നാളെ നടക്കുന്ന റോസ്ഗാർ മേളയിലൂടെ, പ്രധാനമന്ത്രി നരേന്ദ്രമോദി ഓൺലൈനായി കൈമാറും. രാജ്യത്തെ നാല്പത്തി അഞ്ചിടങ്ങളിൽ മേളകൾ നടക്കും. ഇതിൻറെ ഭാഗമായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം നാളെ രാവിലെ തിരുവനന്തപുരത്ത് പള്ളിപ്പുറം സി ആർ പി എഫ് ഗ്രൂപ്പ് സെൻററിൽ സംഘടിപ്പിക്കുന്ന തൊഴിൽ മേളയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയാകും.

******************************

## KERALA-MANOHARLAL

കേരളത്തിൽ വൈദ്യുതിയുടെ സാങ്കേതിക വാണിജ്യ നഷ്ടം 10 ശതമാനത്തിന് താഴെയെന്നത് രാജ്യത്തിന് തന്നെ മാതൃക എന്ന് കേന്ദ്ര ഊർജ്ജ നഗരകാര്യ മന്ത്രി മനോഹർലാൽ. ഊർജ്ജ നഗരകാര്യ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. യോഗത്തിൽ വൈദ്യുതി മന്ത്രി കെ കൃഷ്ണൻകുട്ടി, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. കേരളത്തിൻറെ വൈദ്യുതി ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടുള്ള നിവേദനം വൈദ്യുതി വകുപ്പ് മന്ത്രി കെ കൃഷ്ണൻകുട്ടി കേന്ദ്ര മന്ത്രിയ്ക്ക് കൈമാറി. ജലവൈദ്യുത പദ്ധതികൾക്കുള്ള കേന്ദ്ര അനുമതി ലഭ്യമാകുന്നതിന് ഏകജാലക സംവിധാനം ഒരുക്കുന്നത് പരിഗണിക്കാം എന്നും കേന്ദ്ര മന്ത്രി അറിയിച്ചു. സ്ഥലം കണ്ടെത്തി നൽകിയാൽ കേരളത്തിൽ തോറിയം അധിഷ്ഠിത ആണവ നിലയത്തിന് അനുമതി നൽകുന്ന കാര്യം പരിശോധിക്കാം എന്നും അദ്ദേഹം പറഞ്ഞു. രണ്ടു ദിവസത്തെ സന്ദർശനത്തിനായി സംസ്ഥാനത്ത് എത്തിയ

കേന്ദ്രമന്ത്രി നാളെ ലക്ഷദ്വീപ് സന്ദർശനത്തിനു ശേഷം കൊച്ചിയിലെത്തി മടങ്ങും.

*******************************

## UNDER 19 ASIA CUP

അണ്ടർ 19 വനിതാ ട്വൻറി- 20 ഏഷ്യാ കപ്പ് ക്രിക്കറ്റ് ഫൈനലിൽ ബംഗ്ലാദേശിനെ 41 റൺസിന് പരാജയപ്പെടുത്തി ഇന്ത്യക്ക് കിരീടം. 118 റൺസ് വിജയലക്ഷ്യം പിൻതുടർന്ന ബംഗ്ലാദേശ് 76 റൺസിന് എല്ലാവരും പുറത്തായി.

*******************************

## ISL+SANTHOSH TROPHY

ഐ എസ് എൽ ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് - മൊഹമദൻ എസ് സി പോരാട്ടം. കൊച്ചിയിലാണ് മത്സരം. നിലവിലെ പോയിൻറ് പട്ടികയിൽ കേരളം പതിനൊന്നാമതും മൊഹമദൻ എസ് സി പതിമൂന്നാമതും ആണ്. ¬സന്തോഷ് ട്രോഫി ഫുട്ബോളിൽ കേരളവും ഡൽഹിയും തമ്മിലുള്ള മത്സരം ഇന്ന് ഹൈദരാബാദിൽ.

*******************************

## WOMENS CRICKET

ഐ സി സി ചാംപ്യൻഷിപ് വനിതാ ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ഇന്ത്യയ്ക്കെതിരായ വെസ്റ്റ് ഇൻഡീസിന് 315 റൺസ് വിജയലക്ഷ്യം. ഒടുവിൽ വിവരം ലഭിക്കുമ്പോൾ വെസ്റ്റിൻഡീസ് 9 വിക്കറ്റ് നഷ്ടത്തിൽ 87 റൺസെന്ന നിലയിൽ. സ്മൃതി മന്ദാനയ്ക്ക് അർധ സെഞ്ച്വറി.

*******************************

## REV HM-TRIPURA (INTRO)

മൂന്ന് ദിവസത്തെ ത്രിപുര സന്ദർശനത്തിനെത്തിയ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ധലായ് ജില്ലയിൽ 668 കോടി രൂപയുടെ വികസന പദ്ധതികളുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഹദുക്ലൗവിലെ ബ്രൂ സമൂഹത്തിൻറെ ക്യാമ്പ് ശ്രീ ഷാ സന്ദർശിച്ചു. ഈ വിഭാഗത്തിൽപ്പെട്ട ജനങ്ങളിൽ ആയുഷ്മാൻ ഭാരത് കാർഡ് ഇല്ലാത്തവർക്ക് ഉടൻ തന്നെ കാർഡുകൾ ലഭ്യമാക്കുമെന്ന് അദ്ദേഹം ഉറപ്പ് നൽകി.

(ഹോൾഡ് വോയിസ്)

*******************************

## KERALA CABINET

വയനാട് മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസം ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യാൻ കേരളത്തിൽ ഇന്ന് പ്രത്യേക മന്ത്രിസഭായോഗം ചേർന്നു. മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ഓൺലൈനായാണ് യോഗം നടന്നത്. മുണ്ടക്കൈ പുനരധിവാസ കരട് പട്ടികക്കെതിരെ പ്രതിഷേധം ഉയർന്ന സാഹചര്യത്തിലാണ് യോഗം.

*******************************

## SABARIMALA

ആറന്മുള പാർഥ സാരഥി ക്ഷേത്രത്തിൽനിന്ന് രാവിലെ പുറപ്പെട്ട തങ്കഅങ്കി രഥഘോഷയാത്ര ഇലവുംതിട്ട മുട്ടത്തുകോണം പിന്നിട്ടു. ഭക്തജനങ്ങളുടെ വൻ സ്വീകരണമാണ് ഓരോ കേന്ദ്രങ്ങളിലും ഘോഷയാത്രയ്ക്ക് ലഭിക്കുന്നത്. ഘോഷയാത്ര 25ന് വൈകിട്ട് സന്നിധാനത്തെത്തും. ¬ശബരിമല മണ്ഡല പൂജയോട്

അനുബന്ധിച്ച് തീർത്ഥാടകരുടെ തിരക്ക് നിയന്ത്രിക്കുന്നതിനും തങ്ക അങ്കി ഘോഷയാത്രയുടെ ഭാഗമായും ബുധൻ, വ്യാഴം ദിവസങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതായി പത്തനംതിട്ട ജില്ലാ കളക്ടർ അറിയിച്ചു.

*******************************

## NIGERIA STAMPEDE

നൈജീരിയയിൽ ക്രിസ്മസ് പരിപാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷണവും വസ്ത്രങ്ങളും വാങ്ങാനുള്ള തിക്കിലും തിരക്കിലുംപെട്ട് നാല് കുട്ടികൾ ഉൾപ്പെടെ 13 പേർ മരിച്ചു. ഇന്നലെ രണ്ട് വ്യസ്തത ഇടങ്ങളിൽ നടന്ന പരിപാടികൾക്കിടെയാണ് അപകടം ഉണ്ടായത്. ഇക്കഴിഞ്ഞ ഡിസംബർ 18ന് തെക്കുപടിഞ്ഞാറൻ നൈജീരിയയിലെ ഇബാദാൻ നഗരത്തിലും സമാനമായ സംഭവം ഉണ്ടായിരുന്നു. 35 ഓളം പേർക്കാണ് അന്ന് ജീവൻ നഷ്ടമായത്.

*******************************

## REV. MEA GERMANY

ജർമനിയിലെ മാഗ്ഡ്ബർഗിൽ കാർ ഇടിച്ചുകയറി അഞ്ചു പേർ കൊല്ലപ്പെട്ട സംഭവത്ത അപലപിച് ഇന്ത്യ. ഇന്നലെ വൈകുന്നേരം സജീവമായിരുന്ന ക്രിസ്മസ് വിപണിയിലേക്കാണ് കാർ പാഞ്ഞു കയറിയത്. 200 ഓളം പേർക്ക് പരിക്കേറ്റു. ഏഴ് ഇന്ത്യക്കാരും പരിക്കേറ്റവരിൽ ഉൾപ്പെട്ടിട്ടുണ്ട്.

*******************************

## QATAR EMBASSY IN SYRIA

സിറിയയിലെ ഡമാസ്കസിലെ എംബസി വീണ്ടും തുറന്നു പ്രവർത്തിപ്പിച്ച് ഖത്തർ. സിറിയൻ ആഭ്യന്തര യുദ്ധത്തെ തുടർന്ന് പതിമൂന്ന് വർഷങ്ങൾക്ക് മുൻപ് അടച്ച എംബസിയാണ് വീണ്ടും പ്രവർത്തനം ആരംഭിക്കുന്നത്. മുൻ പ്രസിഡണ്ട് ബാഷർ അൽ അസദ് സർക്കാരിന്റെ വീഴ്ചക്ക് ശേഷം സിറിയയുമായി നയതന്ത്ര ബന്ധം പുനരാരംഭിക്കുന്ന രണ്ടാമത്തെ രാജ്യമാണ് ഖത്തർ. നേരത്തെ തുർക്കിയെയും ബന്ധം പുനരാരംഭിച്ചിരുന്നു.

*******************************

## CONSUMER AFFAIRS-APPS

ദേശീയ ഉപഭോക്തൃ ദിനത്തോടനുബന്ധിച്ച് ഉപഭോക്തൃ കാര്യ വകുപ്പ് വിവിധ മൊബൈൽ ആപ്പുകളും, ജാഗ്രതി ഡാഷ്ബോർഡും മറ്റന്നാൾ പുറത്തിറക്കും. നിയമവിരുദ്ധമായി പ്രഖ്യാപിച്ച വെബ്സൈറ്റ് ലിങ്കുകൾ റിപ്പോർട്ട് ചെയ്യാൻ ആപ്പ് ഉപയോക്താക്കളെ സഹായിക്കും. ഇവ കേന്ദ്ര ഉപഭോക്യത് സംരക്ഷണ അതോറിറ്റി, പരാതികളായി രജിസ്റ്റർ ചെയ്യും.

*******************************

## GLOBAL HYDROGEN, RENEWBAL ENERGY SUMMIT

സംസ്ഥാന വൈദ്യുതി വകുപ്പും ഇലറ്റ്സ് ടെക്നോ മീഡിയയും സംയുക്തമായി അടുത്ത വർഷം ഗ്ലോബൽ ഹൈഡ്രജൻ ആൻഡ് റിന്യൂയബിൾ എനർജി സമ്മിറ്റ് സംഘടിപ്പിക്കും. 2025 മാർച്ച് 12, 13 തീയതികളിൽ കൊച്ചിയിലാണ് സമ്മേളനം. മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിൽ 'പുനരുപയോഗ ഊർജം, ഗ്രീൻ ഹൈഡ്രജൻ തുടങ്ങിയ വിഷയങ്ങളിൽ ചർച്ച നടത്തും.

*******************************

## AIRCRAFT FOUND

റഷ്യയുടെ കാംചാത്കാ പ്രവിശ്യയിൽ നിന്നും കാണാതായ വിമാനം കണ്ടെത്തി. വിമാനത്തിലെ മൂന്നു യാത്രികരും സുരക്ഷിതരാണെന്നും ഇവരെ ഹെലികോപ്റ്റർ മുഖേനെ വിദഗ ചികിത്സയ്ക്കായി ആശുപത്രിയിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്നും പ്രാദേശിക ഭരണകൂടം വ്യക്തമാക്കി. ഓസോറയിലേയ്ക്ക് പുറപ്പെട്ട വിമാനമാണ് യാത്രാമധ്യേ വ്യാഴാഴ്ച കാണാതായത്.

*******************************

## PUNJAB-BUILDING COLLAPSE

പഞ്ചാബിലെ ചണ്ഡീഗഢിന് സമീപം മൊഹാലിയിൽ ഇന്നലെ മൂന്ന് നില കെട്ടിടം തകർന്ന് രണ്ട് പേർ മരിച്ചു. കരസേനയും എൻഡിആർഎഫും സംസ്ഥാന പോലീസും പ്രദേശത്ത് രക്ഷാപ്രവർത്തനം തുടരുകയാണെന്ന്. 15 ഓളം പേർ അവശിഷ്ടങ്ങൾക്കിടയിൽ കുടിങ്ങികിടക്കുന്നുണ്ടെന്നാണ് സൈനിക വൃത്തങ്ങൾ അറിയിച്ചത്. പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് സിംഗ് മാൻ രക്ഷാപ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

*

********

************************************